# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1214

21.3.2013- ൽ
മറുപടിക്ക്

## കയർ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. എളമരം കരീം | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇൻകം സപ്പോർട്ട് സ്കീം സ്വകാര്യ കയർ മേഖലയിലെ തൊഴിലാളികൾക്കു കൂടി ബാധകമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) നിലവിലുള്ള നിയമം പ്രകാരം ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്വകാര്യമേഖലയിലെ കയർ തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്. സ്വ കാര്യമേഖലയിലെ തൊഴിലാളികൾ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസുകളിൽ ആവശ്യമായ വിവ രങ്ങൾ നൽകി പേര് രജിസ്റ്റർ ചെയ്ത് നിയമാനുസൃതം അപേക്ഷ സമർപ്പിക്കേണ്ട താണ്. ഈ പ ദ്ധതിയിൽ ചേരാനുള്ള സമയപരിധി 31.03.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) വിലയിരുത്തിയിട്ടുണ്ട്. കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൊണ്ട് സംഭരണ പദ്ധതി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് പരിഷ്ക്കരിച്ചും, കയർ സഹകരണ സംഘങ്ങൾക്ക് പുനരു ദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകിയും, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് തുടങ്ങി യ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ വൈവിദ്ധ്യവത്ക്കരണ പ്രോജക്ടുകൾ തുടങ്ങാൻ നടപടി സ്വീകരിക്കും. കയർപിരി മേഖലയിൽ തൊഴിലാളികളുടെ വേതനം കുറഞ്ഞത് 210/- രൂപയും, ഉല്പന്ന മേഖലയിൽ 360/- രൂപയും ആയി വർദ്ധിപ്പിച്ചും കയർപിരി മേഖലയിൽ നിശ്ചയിച്ച 210/- രൂപയിൽ ശരാശരി 110/- രൂപ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം സർക്കാർ നേരിട്ടു തൊഴിലാളിക്ക് നൽകുന്നു. 3000-4000 തൊണ്ട് ദിനംപ്രതി സംസ്ക്കരിക്കാൻ കഴിയുന്ന NCRMI വികസിപ്പിച്ചെടുത്ത 128 മിനിഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായി നൽ കിയിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമായി 2011-12-ൽ |

| | |
|---|---|
| | 388 സംഘങ്ങൾക്ക് 9.55 കോടി രൂപയും ഈ സാമ്പത്തിക വർഷം ഇതുവരെ 371 സംഘങ്ങൾക്ക് 7.35 കോടി രൂപയും നൽ കിയിട്ടുണ്ട്. |
| (സി) 2012-13 സാമ്പത്തിക വർഷം കയർ വകുപ്പിന് സംസ്ഥാന ബഡ്ജറ്റിൽ ഓരോ ഇനത്തിനും എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഖജനാവിൽ നിന്നും ഇതിനകം ചിലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ? | (സി) പ്ലാൻ ഇനത്തിൽ 104.7 കോടി രൂപയും, നോൺ പ്ലാൻ ഇനത്തിൽ പെൻഷൻ നൽകുന്നതിന് ഉപധനാഭ്യർത്ഥന (എസ്.ഡി.ജി) പ്രകാരം ലഭിച്ച തുക ഉൾപ്പെടെ (പെൻഷൻ ആനുകൂല്യങ്ങൾക്ക് ആകെ 32 കോടി) ആകെ 40.99 കോടി രൂപയും ലഭിച്ചു. ഇതിൽ 28.02.2013 വരെ പ്ലാൻ ഇനത്തിൽ 64.20 കോടി രൂപയും, നോൺ പ്ലാനിൽ ക്ഷേമ പദ്ധതികൾക്കായി അനുവദിച്ച 32 കോടി രൂപയിൽ 26,94,25,000/- രൂപയും, നോൺ പ്ലാനിലെ മറ്റു ശീർഷകങ്ങളിൽ ഇതുവരെ പ്രോജക്ട് ഓഫീസർമാർക്ക് അലോട്ട്മെന്റ് നൽകിയതുൾപ്പെടെ 8.12 കോടി രൂപയും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ